**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2889** **24-02-2026 - ൽ മറുപടിയ്ക്ക്**

**പെട്രോൾ എഞ്ചിൻ ബോട്ടുകൾ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന മേഖലയിൽ മണ്ണെണ്ണയുടെ ദൗർലഭ്യവും വിലവർധനവും പരിഗണിച്ച് കൂടുതൽ പെട്രോൾ എഞ്ചിൻ ബോട്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | മണ്ണെണ്ണയുടെ വിലവർദ്ധനവും ലഭ്യതക്കുറവും മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന 1000 എഞ്ചിനുകൾ 50% (പരമാവധി 50,000/-രൂപ) സബ്സിഡിയോടുകൂടി പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തിരം പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. 2024-25 ൽ 177 ഗുണഭോക്താക്കൾക്ക് മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 50,000/- രൂപ നിരക്കിൽ ആകെ 88.5 ലക്ഷം രൂപ സബ്സിഡി അനുവദിച്ചു. നടപ്പ് സാമ്പത്തിക വർഷം 200 യാനങ്ങൾ പെട്രോൾ എഞ്ചിനുകളിലേക്ക് നവീകരിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br><br>കൂടാതെ മണ്ണെണ്ണ എഞ്ചിനിൽ നിന്ന് പെട്രോൾ എഞ്ചിനിലേയ്ക്ക് മാറ്റുന്ന, പെർമിറ്റുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക്, സർക്കാരിനു അധിക സാമ്പത്തിക |

| | | | |
|---|---|---|---|
| | | | ബാധ്യതയുണ്ടാകാത്ത വിധത്തിൽ, നിലവിൽ മണ്ണെണ്ണ സബ്സിഡി നൽകി വരുന്ന അതേ നിരക്കിലും (Rs.25/- per liter) അതേ അളവിലും പെട്രോൾ സബ്സിഡി അനുവദിച്ച് 26.07.2025-ലെ സ.ഉ.(സാധാ)നം.544/2025/മതുവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ